പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 2265

26.03.2013 ൽ
മറുപടി ക്ക്

## കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. കെ. മുരളീധരൻ

ഉത്തരം

ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവരസാങ്കേതികവും
വകുപ്പു മന്ത്രി)

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ 2006-ലെ സഞ്ചിതനഷ്ടം എത്ര രൂപയായിരുന്നു; 2011-ൽ ഇത് എത്ര രൂപയായി;

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ 31/03/2006-ലെ സഞ്ചിത നഷ്ടം 666.68 കോടി രൂപയാണ്.
31/03/2011 വർഷത്തിൽ സഞ്ചിത നഷ്ടം 816.22 കോടി രൂപയാണ്. 2011- വർഷത്തിലെ കണക്ക് ആഡിറ്റിന് വിധേയമായിട്ടില്ലാത്തതാണ്.

(ബി) കോർപ്പറേഷനു കീഴിലെ ഫാക്ടറികളുടെ നവീകരണത്തിനായി 2006 മുതൽ 2012 വരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര രൂപ വീതം നൽകി;

(ബി) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണത്തിനായി 2006 മുതൽ 2012 വരെ സംസ്ഥാന സർക്കാർ ആകെ 50.69 കോടിരൂപ അനുവദിച്ചു.
കേന്ദ്ര ഗവൺമെന്റിൽ നിന്ന് ടി കാലയളവിൽ നവീകരണത്തിനായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) കോർപ്പറേഷൻ 2006 മുതൽ 2012-വരെ സംഭരിച്ച നാടൻ-വിദേശ തോട്ടണ്ടിയുടെ അളവ്, സ്വദേശത്തും വിദേശത്തും വിറ്റഴിച്ച അണ്ടി പ്പരിപ്പിന്റെ അളവ് എന്നിവ എത്രയാണ്;

(സി) കശുവണ്ടി വികസന കോർപ്പറേഷൻ 2006 മുതൽ 2012-വരെ സംഭരിച്ച നാടൻ/വിദേശ തോട്ടണ്ടിയുടെ അളവും സ്വദേശത്തും വിദേശത്തും വിറ്റഴിച്ച അണ്ടിപ്പരിപ്പിന്റെ അളവും ചുവടെ ചേർക്കുന്നു.

| വർഷം | വാങ്ങിയ തോട്ടണ്ടിയുടെ അളവ് | |
|---|---|---|
| | നാടൻ (MT) | വിദേശം (MT) |
| 2006-07 | 1256.440 | 13195.400 |
| 2007 -08 | 3867.440 | 12594.640 |
| 2008 -09 | 1635.040 | 20401.600 |
| 2009 -10 | 7080.240 | 26206.920 |
| 2010 -11 | 191.600 | 30207.320 |

| | | |
|---|---|---|
| 2011-12 | 4488.080 | 25512.600 |

| വർഷം | വിറ്റഴിച്ച കശുവണ്ടി പരിപ്പിന്റെ അളവ് | |
|---|---|---|
| | സ്വദേശത്ത് വിറ്റഴിച്ചത്(MT) | വിദേശത്ത് വിറ്റഴിച്ചത്(MT) |
| 2006-07 | 3021.610 | 366.282 |
| 2007 -08 | 2515.290 | 780.646 |
| 2008 -09 | 4047.640 | 876.582 |
| 2009 -10 | 6701.000 | 242.676 |
| 2010 -11 | 6827.460 | 170.667 |
| 2011-12 | 7002.750 | 14.000 |

(ഡി) കോർപ്പറേഷന്റെ നടത്തിപ്പിൽ അക്കൗണ്ടന്റ് ജനറൽ , ധനകാര്യ പരിശോധനാവിഭാഗം തുടങ്ങിയവ ചൂണ്ടിക്കാട്ടിയ പ്രധാനക്രമക്കേടുകൾ ഏതൊക്കെയാണ്; ഇവയിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) കശുവണ്ടി വികസന കോർപ്പറേഷന്റെ നടത്തിപ്പിൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടിയ പ്രധാന ക്രമക്കേടുകൾ കശുവണ്ടി വാങ്ങുന്നതിൽ കോർപ്പറേഷന് നഷ്ടം സംഭവിക്കുന്നു എന്നുള്ളതാണ്. ധനകാര്യ പരിശോധനാവിഭാഗം ചൂണ്ടിക്കാണിച്ചത് ടെണ്ടർ നടത്തിപ്പിലുള്ള അസ്വാഭാവികതയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പരാമർശങ്ങൾക്കു മേൽ കശുവണ്ടി വികസന കോർപ്പറേഷൻ നൽകിയ വിശദീകരണം സർക്കാർ പരിശോധിച്ചു വരുന്നു. ധനകാര്യ പരിശോധനാവിഭാഗം നൽകിയ റിപ്പോർട്ടിൻമേൽ വ്യവസായ വകുപ്പ് അന്വേഷണം നടത്തിവരികയാണ്.

(ഇ) തൊഴിലാളികളിൽ നിന്നും ഈടാക്കിയ പ്രൊവിഡന്റ് ഫണ്ട് വിഹിതം 2012 മേയ് മുതൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, അടയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികളിൽ നിന്നും ഈടാക്കിയ പ്രൊവിഡന്റ് ഫണ്ട് വിഹിതം 2012 മേയ് മാസം മുതൽ അടച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ